## നീലഗിരിയുടെ സുൽത്താൻ !!!

### നീലഗിരിയുടെ സഖികളേ തഴുകി ഉണർത്തി KSRTC ബത്തേരി ഊട്ടി കോയമ്പത്തൂർ സൂപ്പർ ഫാസ്റ്റ് ബസ്സിൽ Team KSRTC Blog നടത്തിയ ഒരു അടിപൊളി യാത്ര

കുറേ നാളായിട്ട് മനസ്സിലിട്ട് കൊണ്ടുനടക്കുന്ന ഒരു ആഗ്രഹമായിരുന്നു ബത്തേരി ഊട്ടി വഴി കോയമ്പത്തൂർക്ക് പോകുന്ന കേരളാ ആർ ടി സിയുടേ ഏക സർവ്വീസിൽ യാത്ര ചെയ്യണം എന്നുള്ളത്. പണ്ടു കാലങ്ങളിൽ ഇത് ഒരു സൂപ്പർ എക്സ്പ്രസ്സ് ആയിരുന്നു. എന്നാൽ ഇപ്പോൾ ഒരു സൂപ്പർ ഫാസ്റ്റ് ബസ്സ് ആണ് സർവ്വീസ് നടത്തുന്നത്. (RSK 645) ദീർഘനാളത്തെ ഒരു ഇടവേളയ്ക്ക് ശേഷമാണ് ഞാൻ ഒരു ബസ് ഫാനിംഗ് ട്രിപ്പിനായി ഇറങ്ങുവാൻ പോകുന്നത്. കൂട്ടിനായി ആന്റണി വർഗ്ഗീസും പ്രശാന്ത് ശശിയും എറണാകുളത്ത് നിന്നും ചേരുമെന്ന് അറിയിച്ചു.

രാവിലെ 8.30 ന് എന്റെ വീടിന്റെ മുന്നിൽ കൂടി പോകുന്ന പത്തനംതിട്ട ഡിപ്പോയുടെ ഒരു മലയാലപ്പുഴ എറണാകുളം ഗുരുവായൂർ ഫാസ്റ്റ് പാസഞ്ചറിൽ ഞാൻ കോഴഞ്ചേരിയിൽ നിന്നും യാത്ര തുടർന്നു. വീടിനു മുന്നിൽ നിന്നും തന്നെ കൈ കാണിച്ചു കയറി. ഷെഡ്യൂൾ വണ്ടി ആക്സിഡന്റ് ആയി പണിയിൽ ആയിരുന്നതിനാൽ RSC 518 ഒരു ടാറ്റാ ബസ്സ് ആണ് അന്ന് വന്നത്. ബസ്സിൽ കയറി ഹോട്ട് സീറ്റിൽ തന്നെ ഇരിപ്പുറപ്പിച്ചു. ഏകദേശം 11.30 ന് ഞാൻ എരമല്ലൂർ ജംഗ്ഷനിൽ ഇറങ്ങി. ഒരു ചായയും കുടിച്ച് അവിടെ നിന്നപ്പോൾ അതാ വരുന്നു നമ്മുടെ JNT 29, തിരുവനന്തപുരം എറണാകുളം ലോ ഫ്ലോർ വോൾവോ ബസ്സ്. ഉടൻ തന്നെ അതിൽ ചാടികയറി. എറണാകുളം വരെ 43 രൂപ. :) എറണാകുളത്ത് ചെന്നിട്ട് കുറച്ച് പേഴ്സണൽ കാര്യങ്ങളോക്കെ ചെയ്തു തീർക്കുവാനുണ്ടായിരുന്നു. അതിനുശേഷം ലുലു മാളിലും ഒക്കെയായി കുറച്ചു സമയം ചിലവഴിച്ചു നിന്നു. 5 മണി ആയപ്പോൾ ആന്റണീ എത്തി. ആന്റണിയുടെ വീട്ടിൽ ഒരു കുളിയൊക്കെ കഴിഞ്ഞ് 7 മണി അടുക്കാറായപ്പോഴേക്കും ഞങ്ങൾ എറണാകുളം ബസ് സ്റ്റാൻഡിൽ എത്തി. അതേ സമയം തന്നെ പ്രശാന്തും അവിടെ എത്തിയിരുന്നു. ഒരു ചെറിയ നൈറ്റ് ബസ്സ് ഫാനിംഗ് ഒക്കെ അടിച്ച് അവിടെ നിൽക്കുമ്പോൾ അതാ വരുന്നു പത്തനംതിട്ടയുടെ സ്വന്തം എറണാകുളം സൂപ്പർ ഫാസ്റ്റ്. അതിലെ കണ്ടക്ടറും, യുവ കോമളനും സ്ത്രീകളുടെയും കള്ളുകുടിയന്മാരുടേയുമൊക്കെ പേടി സ്വപ്നവുമായ മോനുലാലുമൊത്ത് ഒരു ചായ കുടി സൽക്കാരവും നടത്തി.




7.30 ആയപ്പോഴേക്കും ഞങ്ങൾ ബത്തേരിക്ക് പോകുന്നതിനായി ടാർഗറ്റ് ചെയ്തിരുന്ന എറണാകുളത്തിന്റെ ബാംഗ്ലൂർ ഡീലക്സ് സ്റ്റാൻഡ് പിടിച്ചു. നല്ല അടിപൊളി ലേയ്ലാൻഡ് വണ്ടി, സ്റ്റിക്കർ വർക്കുകളും, LED ലൈറ്റുകളുമൊന്നും ഇല്ലാത്ത അവനെ കണ്ടപ്പോൾ ജനിച്ചപടി കിടക്കുന്ന ഒരു കൊച്ചുകുട്ടിയെപ്പോലെ തോന്നി. ശനിയാഴ്ച ആയിരുന്നതിനാലാകണം സ്റ്റാൻഡിൽ നല്ല തിരക്കുണ്ടായിരുന്നു. റിസർവേഷൻ കൗണ്ടറിലെ സന്തോഷേട്ടൻ ഞങ്ങൾക്ക് 3 പേർക്കും സീറ്റുകൾ ബ്ലോക്ക് ചെയ്ത് തന്നു സഹായിച്ചു. കൃത്യം 8 മണിക്ക് തന്നെ നിറയെ യാത്രക്കാരുമായി വണ്ടി പുറപ്പെട്ടു.

വണ്ടി ഇടപ്പള്ളി കഴിഞ്ഞപ്പോഴേക്കും ഞാൻ പതിയേ ഒന്നു മയങ്ങുവാൻ തീരുമാനിച്ചു. പിന്നീട് ഉണർന്നപ്പോൾ വണ്ടി എടപ്പാൾ കഴിഞ്ഞ് എവിടെയോ ഭക്ഷണം കഴിക്കുവാനായി നിർത്തിയിരിക്കുന്നു. അപ്പോൾ സമയം 11 മണി. ലഘുവായി കുറച്ച് ഭക്ഷണം കഴിച്ച ശേഷം വണ്ടിയിൽ കയറിയിരുന്നു. പുറത്ത് ചെറിയ ചാറ്റൽ മഴ പെയ്യുന്നുണ്ടായിരുന്നു. യൂണിവേഴ്സിറ്റി എത്താറായപ്പോഴേക്കും മഴ കനത്തു. ഞാൻ വീണ്ടും മയക്കത്തിലേക്കും. കൃത്യം ഒരു മണിയായപ്പോൾ വണ്ടി കോഴിക്കോട് ബസ് സ്റ്റാൻഡിൽ നിർത്തി. പകുതിയോളം ആളുകൾ അവിടെ ഇറങ്ങി, അത്ര തന്നെ ആളുകൾ അവിടുന്ന് കയറുകയും ചെയ്തു. മൈസൂർ അല്ലെങ്കിൽ ബാംഗ്ലൂർ പോകേണ്ട ആളുകൾ മാത്രം കയറിയാൽ മതി എന്ന് കണ്ടക്ടർ വിളിച്ചു പറയുന്നുണ്ടായിരുന്നു.

പെട്ടന്നായിരുന്നു ആ കാഴ്ച എന്റെ കണ്ണിൽപ്പെട്ടത്. അതാ അപ്പുറത്ത് കിടക്കുന്നു, നമ്മുടെ ബാംഗ്ലൂർ തിരുവനന്തപുരം മൾട്ടി. വണ്ടിയിൽ വലിയ തിരക്കൊന്നുമില്ല. ഒരു 1015 പേരുണ്ടാകും. ഞങ്ങളുടെ വണ്ടി വീണ്ടും പുറപ്പെട്ടു, ഞാൻ വീണ്ടും ഉറക്കത്തിലേക്കും. ആന്റണിയും പ്രശാന്തും എന്തൊക്കെയോ പരസ്പരം സംസാരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഉറക്കം തലയ്ക്ക് പിടിച്ചതിനാൽ ഞാൻ നല്ല അടിപൊളിയായി ഉറങ്ങി. അതിരാവിലെ കൃത്യം 3 മണി ആയപ്പോൾ ഞങ്ങൾ ബത്തേരി സ്റ്റാൻഡിൽ എത്തി. രാത്രിയാത്രാ നിരോധനം ഉള്ളതിനാലും ഈ വണ്ടിക്ക് ഫോറസ്റ്റ് കടക്കുവാൻ പെർമിഷൻ ഇല്ലാത്തതിനാലും 6 മണിക്കുശേഷമേ അതിർത്തി കടക്കുവാൻ സാധിക്കുകയുള്ളു. ഇനിയും 3 മണിക്കൂർ ഉണ്ട്. ഒരു മണിക്കൂർ അവർ സ്റ്റാൻഡിൽ തന്നെ കിടക്കും. അതിനുശേഷം അവിടുന്ന് എടുത്തുകൊണ്ടുപോയി ബോർഡറിൽ പോയി കിടക്കും. യാത്രക്കർ ബസ്സിനുള്ളിൽ ഇരുന്നുറങ്ങുമായിരിക്കണം. എന്നാൽ പിന്നെ ഈ ബസ്സ് രാത്രി 10 മണിക്ക് എറണാകുളത്ത് നിന്നും എടുത്താൽ പോരേ എന്ന് ആരും ചിന്തിച്ചുപോകും. കൂടുതൽ ചിന്തിച്ച് ഭ്രാന്തുപിടിപ്പിക്കുവാൻ ഞാൻ മുതിർന്നില്ല.

ആന്റണിയുടെ ഒരു സുഹൃത്തിന്റെ റൂമിൽ പോയി കുളിച്ച് ഫ്രെഷ് ആയിട്ട് 5 മണി ആയപ്പോഴേക്കും ഞങ്ങൾ ബത്തേരി സ്റ്റാൻഡിൽ തിരിച്ചെത്തി. അപ്പോഴതാ കിടക്കുന്നു വണ്ടി നിറയേ യാത്രക്കാരുമായി നമ്മുടെ തിരുവനന്തപുരം ബാംഗ്ലൂർ മൾട്ടി ആക്സിൽ വോൾവോ. ഫേയ്സ്ബുക്കിൽ കൂടി മാത്രം പരിചയമുണ്ടായിരുന്ന നമ്മുടെ കോന്നിക്കാരൻ ഗോപാലകൃഷ്ണൻ നായർ ചേട്ടനായിരുന്നു അതിന്റെ കണ്ടക്ടർ. മൾട്ടി പോയതിനു തൊട്ടു പിന്നാലെയായി, കോട്ടയം മൈസൂർ എക്സ്പ്രസ്സ്, പിറവം ബാംഗ്ലൂർ ഡീലക്സ്, തിരുവനന്തപുരം മൈസൂർ എക്സ്പ്രസ്സ് തുടങ്ങിയ വണ്ടികൾ കൊണ്ട് സ്റ്റാൻഡ് നിറഞ്ഞു. 6 മണിക്ക് മുൻപായി തന്നെ ഈ വണ്ടികളെല്ലാം സ്റ്റാൻഡിൽ നിന്നും ബോർഡർ തുറക്കുന്നതും ലക്ഷ്യമായി പോയി.

സമയം രാവിലെ 6.45, ഒരു ഡസൺ കോഴിക്കോട് വണ്ടികൾ ബാംഗ്ലൂർ, മൈസൂർ എന്നീ സ്ഥലങ്ങളിൽ നിന്നും വന്നു. അതും പോരാതെ ബത്തേരിയിൽ നിന്നും പുറപ്പെടുന്ന ടി.ടി, രാജധാനി ബസ്സുകളും. ബത്തേരി സ്റ്റാൻഡ് ഇപ്പോൾ സജീവമാണ്. പക്ഷെ ബത്തേരി സ്റ്റാൻഡ് പൂർണ്ണമായും ഉണരണമെങ്കിൽ ഇവിടുത്തെ മാത്രം പ്രത്യേകതയായ വാനരന്മാർ വരേണ്ടതായിരിക്കുന്നു. കൃത്യം 7 മണി ആയില്ല, ദാ വരുന്നു ഒരു ഡസൺ കുരങ്ങന്മാർ. ബത്തേരി ഡിപ്പോ കുരങ്ങന്മാരുടെ സുഖവാസ കേന്ദ്രമാണ്. യാത്രക്കാർ ഒരൽപ്പം ശ്രദ്ധിച്ചില്ലെങ്കിൽ കയ്യിലുള്ളതും ബാഗിലുള്ളതും വരെ അടിച്ചുമാറ്റിക്കൊണ്ടുപോകുന്ന ടീംസാണിത്.

ഞങ്ങളുടെ വയറ്റിൽ നിന്നും വിശപ്പിന്റെ ചൂളം വിളികൾ അടിച്ചുതുടങ്ങി. കാന്റീൻ ആണെങ്കിൽ തുറന്നിട്ടുമില്ല. 7 മണി കഴിഞ്ഞപ്പോൾ അവിടെ നിന്നും ഒരു ഓട്ടോ പിടിച്ച് ടൌണിൽ പോയി നല്ല മസാലദോശ കഴിച്ചിട്ട് വന്നു. തിരികെ സ്റ്റാൻഡിൽ എത്തിയപ്പോൾ ഞങ്ങൾക്ക് പോകേണ്ട കോയമ്പത്തൂർ സൂപ്പർ ഫാസ്റ്റ് അവിടെ റെഡിയായി നിൽക്കുന്നുണ്ടായിരുന്നു. ടിക്കറ്റുകൾ ഞങ്ങൾ നേരത്തേ തന്നെ ഓൺലൈൻ റിസർവേഷൻ വഴി ബുക്ക് ചെയ്തിരുന്നു. ബസ്സിന്റെ ഏറ്റവും മുൻവശത്തു തന്നെയുള്ള സീറ്റ് നമ്പർ 51 (ഹോട്ട് സീറ്റ്), 1,2. കണ്ടക്ടർ വന്നു ടിക്കറ്റുകൾ ചെക്ക് ചെയ്തു. ആന്റണി ടിക്കറ്റ് പ്രിന്റ് എടുത്തിരുന്നില്ല. പകരം മൊബൈലിൽ ടിക്കറ്റിന്റെ PDF കാണിച്ചു. കൃത്യം 8 ആയപ്പോൾ തന്നെ കോഴിക്കോടുകാരൻ ബാലകൃഷ്ണൻ ചേട്ടൻ വണ്ടി എടുത്തു.

സ്റ്റാൻഡിൽ നിന്നും പുറത്തിറങ്ങി ബത്തേരി ടൌണിലുള്ള പ്രൈവറ്റ് ബസ് സ്റ്റാൻഡിലും കയറി ആളെയെടുത്ത് ഗൂഡല്ലൂർ ലക്ഷ്യമായി ഞങ്ങൾ നീങ്ങി. വണ്ടിയിൽ സീറ്റിംഗ് ആളുണ്ട്. ഇടക്കിടക്കുള്ള സ്ഥലങ്ങളിൽ നിന്നും ആളുകൾ കയറുന്നുമുണ്ട്.

തമിഴ്നാട് ബോർഡറിൽ വനാതിർത്ഥിയിൽ പ്രവേശിക്കുന്നതിന് കണ്ടക്ടർ പണം നൽകി പാസ്സ് എടുക്കുന്നതുകണ്ടു. അപ്പോൾ ഡ്രൈവർ ചേട്ടൻ ഞങ്ങളോട് പറഞ്ഞു ‘കേരളത്തിൽ കയറുന്നതിന് നമ്മൾ ഒന്നും വാങ്ങുന്നില്ല, ഇവിടെ ഇങ്ങനെയാ‘. വളവും തിരിവുമുള്ള വീതി കുറഞ്ഞ മനോഹരമായ പാതയിലൂടെ മനോഹരമായി സഞ്ചരിച്ച് ഞങ്ങൾ ഗൂഡല്ലൂർ സ്റ്റാൻഡിലെത്തി. കേരളാ വണ്ടി കണ്ടപ്പോഴേക്കും തമിഴന്റെ ഊട്ടി വണ്ടിയിലിരുന്നവർ ഉൾപ്പെടെ നമ്മുടെ വണ്ടിയിലേക്ക് ചാടിക്കയറി. വണ്ടിയിൽ ഇപ്പോൾ സ്റ്റാൻഡിംഗ് ആളുണ്ട്. ഗൂഡല്ലൂർ സ്റ്റാൻഡിൽ നിന്നും ആളെയുമെടുത്ത് ഊട്ടി റോഡിലേക്ക് ഞങ്ങൾ നീങ്ങി.

വളരെ വീതികുറഞ്ഞതും ഭൂരിഭാഗം സ്ഥലങ്ങളും പൊട്ടിപ്പൊളിഞ്ഞതുമായ റബറൈസ്ഡ് റോഡ്. വളവുകളും, കയറ്റങ്ങളുമൊക്കെ ഞങ്ങളുടെ വണ്ടി വളരെ സ്മൂത്ത് ആയിട്ട് കയറുന്നു. വണ്ടിയുടെ RPM 2500 വരെ എത്തുന്നുണ്ട്. TNSTC യുടെ മൂന്ന് ബസ്സുകളെ ഞങ്ങൾ ഫുൾ ലോഡ് യാത്രക്കാരെയും വെച്ച് പല തവണ ഓവർടേക്ക് ചെയ്തു. 10.30 ആയപ്പോഴേക്കും പൈക്കര എന്ന സ്ഥലത്ത് ചായ കുടിക്കുന്നതിനായി വണ്ടി നിർത്തി. അപ്പോഴേക്കും തന്നെ ഊട്ടിയുടെ തണുപ്പ് കൂടി കൂടി വന്നിരുന്നു. പൈക്കരയിൽ നിന്നും വണ്ടി എടുത്തതും തണുപ്പ് അസഹനീയമായി. ഊട്ടിയുടെ യൂക്കാലി മരങ്ങളുടെ ഗന്ധം മൂക്കിലൂടെ ഇരച്ചുകയറി. അതിനോടൊപ്പം തന്നെ ഡീസൽ കരിയുന്ന മണവും, ടർബോ ചാർജറിന്റെ ശൂളം വിളിയും. ഹോ. . .ഒരു ബസ്സ് ഫാനിന് ഇത്രയുമൊക്കെ മതി ഒരു ട്രിപ്പ് സാഫല്യമാകുവാൻ എന്ന് തോന്നിപോകും. തോന്നലല്ല, അത് വാസ്തവം തന്നെയാണ്. കെ എസ് ആർ ടി സിയെ സ്നേഹിക്കുന്ന, കെ എസ് ആർ ടി സി ബസ്സുകളിലെ യാത്രകൾ ഇഷ്ടപ്പെടുന്ന ഓരോ മലയാളിയും തീർച്ചയായും സഞ്ചരിച്ചിരിക്കേണ്ട ഒരു റൂട്ട് തന്നെയാണ് ഇത്.

സമയം ഉച്ചയ്ക്ക് 12.30, ഞങ്ങൾ ഊട്ടി ബസ് സ്റ്റാൻഡിലെത്തി. നട്ടുച്ച സമയത്തും ഊട്ടിയിലെ ആ തണുപ്പ് ഞാൻ പ്രതീക്ഷിച്ചതിലുമപ്പുറമായിരുന്നു. കുറച്ചാളുകൾ ഊട്ടിയിലിറങ്ങി. അധികമാരും കയറിയതുമില്ല. എന്നാലും വണ്ടിയിൽ ഇപ്പോൾ സീറ്റിംഗ് ആളുകളുണ്ട്. ഊട്ടിയിലെ റേയ്സ് കോഴ്സിൽ കുതിര സവാരിക്കാർ അപ്പോഴും സജീവമായിരുന്നു. ഊട്ടി റെയിൽവേ സ്റ്റേഷനും കൂനൂർ റെയിൽവേ സ്റ്റേഷനുമൊക്കെ കടന്ന് ഞങ്ങൾ യാത്ര തുടർന്നുകൊണ്ടേയിരുന്നു. അതിരാവിലെ കഴിച്ച മസാല ദോശയുടെ എഫക്ട് മാറിവരുന്നു. വീണ്ടും വിശപ്പ് തുടങ്ങിയിരിക്കുന്നു. മേട്ടുപ്പാളയത്തിന് സമീപമായി ഒരു വെജിറ്റേറിയൻ ഹോട്ടലിന്റെ മുന്നിൽ ഉച്ച ഭക്ഷണം കഴിക്കുന്നതിനായി നിർത്തി. നല്ല അടിപൊളി തമിഴ് സ്റ്റൈൽ ഊണിന് കേവലം 60 രൂപ മാത്രം. ഉച്ച ഭക്ഷണം കഴിഞ്ഞ് കോയമ്പത്തൂരും ലക്ഷ്യമാക്കി ഞങ്ങൾ പുറപ്പെട്ടു. കൂനൂർ കഴിഞ്ഞ് മേട്ടുപ്പാളയം ആയപ്പോഴേക്കും തന്നെ കാലാവസ്ഥ വളരെയധികം മാറിയിരുന്നു. അത്രയും സമയം വോൾവോ ബസ്സിനുള്ളിൽ ഇരുന്നു യാത്ര ചെയ്യുന്നു എന്ന അനുഭൂതിയിൽ നിനും സൂപ്പർ ഫാസ്റ്റിന്റെ അനുഭൂതിയിലേക്ക് ഞങ്ങൾ തിരികെയെത്തി. ചൂട് കനത്തിരിക്കുന്നു. മേട്ടുപ്പാളയം മുതൽ താഴോട്ട് ചുരം ഇറങ്ങുകയാണ്. ഹെയർപിൻ വളവുകളും വീതി കുറഞ്ഞ റോഡും ഡ്രൈവിംഗ് ആസ്വദിക്കുന്നവർക്ക് നന്നായി ആസ്വദിക്കാവുന്നതും വലിയ വണ്ടികൾ ഓടിക്കുന്നവർക്ക് അതിലേറെ ബുദ്ധിമുട്ടുളവാക്കുന്നതുമാണ്.

കൃത്യം മൂന്ന് മണിക്ക് തന്നെ ഞങ്ങൾ കോയമ്പത്തൂർ ഗാന്ധിപുരം ബസ് സ്റ്റാൻഡിലെത്തി. വണ്ടിയിൽ നിന്നിറങ്ങിയതും അതാ നിൽക്കുന്നു നമ്മുടെ RSE 305 തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ്. ഞങ്ങൾ മൂവരും അതിൽ കയറി തിരികെ പോകുന്നതിന് തീരുമാനിച്ചു. ഹോട്ട് സീറ്റുകൾ ഒന്നും ഒഴിവുണ്ടായിരുന്നില്ല. സ്ത്രീകളുടെ സീറ്റിനു പുറകിലായി ഒരു സീറ്റിൽ കയറിയിരുന്നു. മധ്യവയസ്കനായ ഒരു കണ്ടക്ടർ. വളരെ സൌമ്യനും ശാന്തനുമായി കാണപ്പെട്ടു. സാധാരണ തിരുവനന്തപുരം ഡിപ്പോയിലെ ജീവനക്കാർകൊക്കെ ഒരു കൊമ്പു കൂടുതലാണ് എന്നാണ് ബസ് ഫാൻസിന്റെ ഇടയിലുള്ള ഒരു കോമൺ അഭിപ്രായം. ആന്റണിയും പ്രശാന്തും എറണാകുളത്തേക്കും, ഞാൻ തൃശൂരിലേക്കും ടിക്കറ്റ് എടുത്തു. വണ്ടി വിട്ട് മധുക്കരൈ എത്തിയതും ഞങ്ങൾ എല്ലാവരും തന്നെ ഉറക്കത്തിലേക്ക് വഴുതി വീണിരുന്നു. ഉറക്കം വിട്ട് എഴുന്നേൽക്കുമ്പോൾ പാലക്കാട് എത്തിയിട്ടുണ്ടായിരുന്നു. ഞായറാഴ്ച്ച ആയതുകൊണ്ടാകണം, വണ്ടിയിൽ കാര്യമായ തിരക്കൊന്നുമില്ല. തൃശ്ശൂർ  പാലക്കാട് പാതയിപ്പോൾ മനോഹരമായി ടാർ ചെയ്തിരിക്കുന്നു. മിക്ക സ്ഥലങ്ങളിലും റോഡ് വീതി കൂട്ടുന്നതിന്റെ പണികളും നടക്കുന്നുണ്ട്. വൈകീട്ട് 6.10 ആയപ്പോൾ ഞങ്ങൾ തൃശ്ശൂരിലെത്തി.

തൃശ്ശൂരിൽ നിന്നും പത്തനംതിട്ട ഭാഗത്തേക്കുള്ള അവസാന ബസ്സ് 6 മണിക്കാണ്. ഗുരുവായൂരിൽ നിന്നും എന്റെ വീടിന്റെ മുന്നിൽ കൂടി പോകുന്ന, ഇന്നലെ എന്റെ യാത്ര ആരംഭിച്ച ആ ബസ്സ് വന്നോ, പോയോ എന്നൊക്കെ ഞാൻ അവിടെ എൻക്വയറി കൌണ്ടറിൽ അന്വേഷിച്ചു. വണ്ടി വന്നോ പോയോ എന്നറിയില്ല, ഇവിടെ വന്ന് സമയം വെച്ചിട്ടില്ല എന്ന് അവർ പറയുകയുണ്ടായി. വണ്ടി കൃത്യം 5 മണിക്ക് തന്നെ ഗുരുവായൂർ സ്റ്റാൻഡിൽ നിന്നും പുറപ്പെട്ടിട്ടുണ്ട് എന്ന് അവിടെ വിളിച്ച് അന്വേഷിച്ചപ്പോൾ അറിഞ്ഞു. 6.30

ആയിട്ടും വരാത്ത വണ്ടിയെ കാത്ത് നിൽക്കുന്നതിൽ അർത്ഥമില്ല എന്ന് മനസ്സിലാക്കി നിന്നപ്പോഴാണ് തിരുവല്ല ഡിപ്പോയുടെ മലമ്പുഴയിൽ നിന്നും വരുന്ന സൂപ്പർ ഫാസ്റ്റ് RSK 72 സ്റ്റാൻഡിൽ എത്തിയത്. കഥയറിയാതെ ആട്ടം കണ്ടോണ്ട് നിന്ന എനിക്ക് ലോട്ടറി ആയിരുന്നു ആ ബസ്സ്. ഹോട്ട് സീറ്റ് തന്നെ കിട്ടി. ഞാൻ വണ്ടിയിൽ കയറിയതും ഞങ്ങൾ കോയമ്പത്തൂരിൽ നിന്നും വന്ന വണ്ടി സ്റ്റാൻഡ് വിട്ടുപോയി. തൊട്ടുപിന്നാലെ എന്റെ വണ്ടിയും പുറപ്പെട്ടു. കൊരട്ടി ജംഗ്ഷൻ കഴിഞ്ഞുള്ള ഒരു ഫ്ലൈ ഓവറിൽ വെച്ച് എന്റെ വണ്ടി ആന്റണിയും പ്രശാന്തും യാത്ര ചെയ്യുന്ന തിരുവനന്തപുരം സൂപ്പർ ഫാസ്റ്റിനെ ഓവർടേക്ക് ചെയ്ത് മുന്നേറി. എപ്പോഴൊക്കെയോ ചെറിയ ചെറിയ മയക്കത്തിൽ ഞാൻ മുങ്ങിപോകുന്നുണ്ടായിരുന്നുവെങ്കിലും യാത്രയുടെ ക്ഷീണമൊന്നും കാര്യമായിട്ട് അനുഭവപ്പെട്ടിരുന്നില്ല.

രാത്രി 11 മണി ആയപ്പോൾ ഞാൻ തിരുവല്ലയിൽ എത്തി. ഗുരുവായൂരിൽ നിന്നും വരേണ്ട അവസാന ബസ്സ് 11.15 ന് തിരുവല്ലയിൽ എത്തി 11.35 ന് ചെങ്ങന്നൂർ ഡിപ്പോയിൽ എത്തി സമയവും വെച്ചിട്ടു വേണം കോഴഞ്ചേരി വഴി പത്തനംതിട്ടക്ക് പോകേണ്ടത്. ആ വണ്ടിക്ക് വേണ്ടി മുഴുവൻ പ്രതീക്ഷയും മനസ്സിൽ അർപ്പിച്ച് രാത്രി 12.45 വരെ ഞാൻ തിരുവല്ലയിൽ നിന്നു. അതോടൊപ്പം തന്നെ പത്തനംതിട്ട ഭാഗത്തോക്ക് തിരിയുന്ന സകലമായ കാറുകൾക്കും കൈ കാട്ടുകയും ചെയ്തിരുന്നു. അവസാനം ഞാൻ കൈ കാണിച്ചിട്ട് ഒരു കാർ സൈഡിൽ ഒതുക്കി നിർത്തി. മുൻ സീറ്റിൽ രണ്ട് ആണുങ്ങളും പുറകിൽ ഒരു സ്ത്രീയും.

ഞാൻ ചോദിച്ചു: ചേട്ടാ, കോഴഞ്ചേരിക്കാണോ?

‘അതേ, കയറിക്കോ.‘, ഞാൻ പുറകിൽ കയറി.

വളരെ ഉപകാരമുണ്ട് ചേട്ടാ, കുറേ സമയമായി ഞാൻ ഇവിടെ നിൽക്കുകയാണ്. വണ്ടി ഒന്നും കിട്ടിയില്ല. എന്നൊക്ക ഞാൻ പറഞ്ഞു.

അപ്പോൾ മുന്നിൽ ഇരിക്കുന്ന ചേട്ടൻ: ‘വയനാട് ഊട്ടി ട്രിപ്പ് ഒക്കെ കഴിഞ്ഞോ?‘

ഞാൻ ആകെ ഞെട്ടി കോരിത്തരിച്ചുപോയി. ദൈവമേ, ഇതാരാ? ഇളിഭ്യനായി ഞാൻ ചോദിച്ചു. ‘എന്നെ അറിയുമോ? എനിക്ക് മനസ്സിലായില്ല, ഇരുട്ടായതിനാൽ മുഖവും ശരിക്ക് കണ്ടതുമില്ല‘?

അയാൾ: ‘ഞാൻ രോഷിത്തിന്റെ ചേട്ടനാണ്, രോഹിത്.‘

‘ആഹാ, രോഹിത്തേട്ടൻ ആയിരുന്നോ, എനിക്ക് മനസ്സിലായില്ല കേട്ടോ. ‘

എന്റെ കൂടെ സ്കൂളിൽ പഠിച്ച ഒരു കൂട്ടുകാരന്റെ ചേട്ടൻ ആയിരുന്നു അത്. ഞങ്ങൾ ഫേയ്സ്ബുക്കിൽ സുഹൃത്തുക്കളാണ്. കെ എസ് ആർ ടി സി ബ്ലോഗിന്റെ ഒരു ഫോളോവറും കൂടി ആണ് ആ ചേട്ടൻ. സെക്കൻഡ് ഷോ സിനിമ കഴിഞ്ഞ് വരികയായിരുന്നു അവർ. പത്തനംതിട്ടക്കാരുടെ രാത്രി യാത്രാ ബുദ്ധിമുട്ടുകളുടെ ഒരു ഇരയായി ആ ദിവസം ഞാൻ. സുഹൃത്തിന്റെ ലിഫ്റ്റ് കിട്ടിയതുകാരണം 1 മണി ആയപ്പോഴേക്കും വീട്ടിലെത്തുവാൻ സാധിച്ചു.

മനോഹരമായ, ഒട്ടേറെ ഓർമ്മകളും കാഴ്ച്ചകളും തന്ന ഒരു ട്രിപ്പിന്റെ സന്തോഷത്തിൽ സുഖമായി കിടന്നുറങ്ങി.

Sujith Bhakthan for Team KSRTC Blog